## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2404** **02-08-2021 - ൽ മറുപടിയ്ക്ക്**

## മാവൂർ റോഡ് നവീകരണത്തിനായി വാങ്ങിയ സ്ഥലം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മാവൂർ റോഡ് നിർമ്മാണത്തിന് മണ്ണ് എടുക്കുന്നതിന് സർക്കാർ വിലകൊടുത്ത് വാങ്ങിയ എത്ര പ്ലോട്ടുകൾ സംരക്ഷിക്കപ്പെടാതെയും ഉപയോഗപ്പെടുത്താതെയും ഇട്ടിരിക്കുന്നു എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചിട്ടുണ്ട്. തൊണ്ടയാട്, വെള്ളിപറമ്പ് ആറാം മൈൽ, കല്ലേരി, കല്ലുംപാറ എന്നീ നാല് സ്ഥലങ്ങൾ ഉപയോഗപ്പെടുത്താതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര സ്ഥലം കയ്യേറ്റങ്ങൾക്ക് വിധേയമായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | താലൂക്ക് സർവ്വേയർ മുഖേന സർവ്വെ നടത്തിയതിന് ശേഷമേ സ്ഥലം കയ്യേറിയിട്ടുണ്ടോ എന്ന് തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. |
| (സി) | റോഡ് വികസനത്തിന് ആവശ്യമില്ലാത്ത ഇത്തരം സ്ഥലങ്ങൾ മറ്റ് വകുപ്പുകളുടെ ആവശ്യങ്ങൾക്ക് വേണ്ടി വിട്ടു കൊടുക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; | (സി) | പൊതുമരാമത്ത് വക റോഡിനോട് ചേർന്ന സ്ഥലങ്ങളും സമീപത്തുള്ള പുറമ്പോക്ക് സ്ഥലങ്ങളും പതിച്ചു നൽകുന്നത് റോഡ് വീതി കൂട്ടുന്നതുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നു എന്നതിനാൽ അപ്രകാരം പൊതുമരാമത്ത് വക സ്ഥലങ്ങൾ പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിഗണിക്കേണ്ടതില്ല എന്ന് നിർദ്ദേശിച്ചുകൊണ്ട് സർക്കാർ 30.09.2009-ൽ 20541/സി3/2009/ പൊ.മ.വ നമ്പറായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ സ്വന്തമായി വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ ഇല്ലാത്ത പെരുവയൽ, കുറ്റിക്കാട്ടൂർ വില്ലേജ് ഓഫീസുകൾക്ക് സ്ഥലം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പൊതുമരാമത്ത് വക റോഡിനോട് ചേർന്ന സ്ഥലങ്ങളും സമീപത്തുള്ള പുറമ്പോക്ക് സ്ഥലങ്ങളും പതിച്ചു നൽകുന്നത് റോഡ് വീതി കൂട്ടുന്നതുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നു എന്നതിനാൽ അപ്രകാരം പൊതുമരാമത്ത് വക സ്ഥലങ്ങൾ പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിഗണിക്കേണ്ടതില്ല എന്ന് നിർദ്ദേശിച്ചുകൊണ്ട് സർക്കാർ 30.09.2009-ൽ 20541/സി3/2009/ പൊ.മ.വ നമ്പറായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ